# വചന വിചിന്തനം : ജൂൺ 7 ഞായർ, 2009

### വി. ലൂക്ക. 7: 36–50

### പാപിനിക്കു മോചനം

"To err is human and to forgive is divine".

ഒരു സാധാരണ ഭക്ഷണമേശയും വിഭവങ്ങളും, അത് ആസ്വദിക്കാൻ ഒരുമിച്ചു ചേർന്ന അതിഥികളും ആതിഥേയനും, അതിനിടയിൽ സ്വർഗ്ഗത്തിലെ കട്ടുറുമ്പുപോലെ വെറുക്കപ്പെട്ട പാപിനിയുമാണ് പശ്ചാത്തലം.

അതിഥികളെ അസാധാരണമായി സ്വീകരിക്കാതിരുന്ന ആതിഥേയനായ ശിമയോന് പാപിനിയായ സ്ത്രീയുടെ അസാധാരണമായ സ്നേഹപ്രവർത്തികൾ തന്റെ തന്നെ പോരായ്മകളിലേക്ക് അവനെ കൊണ്ടെത്തിക്കുകയും അതിൽ നിന്ന് രക്ഷനേടാൻ അവളുടെ വ്യക്തിത്വത്തെ അപമാനിക്കാനുള്ള ചിന്തകളും അവനിൽ രൂപം കൊള്ളുന്നു.

ഈശോയാകട്ടെ അവളെ ന്യായീകരിക്കുന്നത് അവളുടെ പ്രവർത്തിയുടെ അടിസ്ഥാനത്തിൽ കൂടിയാണ്. അവളാരാണ് എന്നതല്ല, അവൾ പ്രകടിപ്പിക്കുന്ന സ്നേഹത്തോടെയുള്ള സ്വീകരണം, ശിമയോൻ നല്കിയില്ല. ഹൃദയം നുറുങ്ങി, അനുതാപത്തിന്റെ കണ്ണീരും സ്നേഹകൂട്ടായ്മയുടെ പൂശലും സ്പർശനവുമെല്ലാം പ്രകടിപ്പിക്കുന്നതിൽ അവൾ വിമുഖയല്ല. സ്നേഹം ആന്തരികവും ബാഹ്യവുമാണെന്ന് വ്യക്തം. പാപിനിയായ സ്ത്രീയുടെ അസാധാരണമായ ആതിഥേയപ്രകടനം ഈശോ പശ്ചാത്തലമാക്കി മാറ്റി ദൈവസ്നേഹത്തിന്റെ ആഴത്തിലേക്ക് കേൾവിക്കാരനെ തിരിച്ചുവിടുന്നു എന്നതാണ് ഈ സംഭവത്തിലെ കാര്യമാത്രപ്രസക്തമായ വിഷയം. തന്റെതന്നെ ദൈവത്വത്തെക്കുറിച്ചുള്ള വ്യക്തമായ സൂചനകളും ഈശോയുടെ വാക്കുകളിലൂടെ നമുക്കു ലഭിക്കുന്നു. വി.1 യോഹ. 4.7-8 പറയുന്നു. പ്രിയപ്പെട്ടവരെ നമുക്ക് പരസ്പരം സ്നേഹിക്കാം. എന്തെന്നാൽ സ്നേഹം ദൈവത്തിൽ നിന്നാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽ നിന്നു ജനിച്ചവനാണ്. അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം, ദൈവം സ്നേഹമാണ്.

ഇവിടെ ഈശോ പാപിനിയുടെ പാപങ്ങൾ ക്ഷമിക്കുകവഴി സ്നേഹം തന്നെയായ ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുത്തുകയാണ്. സ്വർഗ്ഗസ്ഥനായ പിതാവേ പ്രാർത്ഥനയിൽ ഈശോ വ്യക്തമായി പറയുന്നു, മറ്റുള്ളവരുടെ തെറ്റുകൾ ക്ഷമിക്കുവാൻ. ഇല്ലെങ്കിൽ പിതാവ് നിങ്ങളോടും ക്ഷമിക്കുകയില്ലെന്നും, ക്ഷമ ദൈവികഭാവം മാത്രമല്ല ദൈവത്തിന്റെ പങ്കുവയ്ക്കലിന്റെ ഉത്തമപ്രകടനവും വെളിപ്പെടുത്തലുമാണ് എന്ന് വ്യക്തമാക്കുന്നു. മനുഷ്യരോടുള്ള സ്നേഹത്താൽ സൃഷ്ടികർമ്മവും രക്ഷാകരകർമ്മവും പൂർത്തിയാക്കിയ ത്രിത്വൈകദൈവം ക്ഷമിയ്ക്കാൻ പഠിപ്പിക്കുന്നതിലൂടെ, ക്ഷമ നല്കാൻ മനുഷ്യരെ പ്രാപ്തരാക്കുന്നതിലൂടെ, ദൈവീകഭാവത്തിലും ദൈവപുത്രസ്ഥാനത്തേക്കും ഓരോ മനുഷ്യനെയും ഉയർത്തുകയാണ്.

ത്രിയേകദൈവത്തിന്റെ സ്നേഹകൂട്ടായ്മ പുത്രനിലൂടെ ലോകത്തെ രമ്യപ്പെടുത്തി ദൈവത്തിന്റെ സ്നേഹത്തിന്റെ ആഴവും ക്ഷമയുടെ ഔന്നദ്ധ്യവും ലോകത്തെ പഠിപ്പിച്ച ദൈവം

ഓരോ മനുഷ്യനും തന്റെ ദൈവീകജീവനിലേക്ക്, നിത്യജീവനിലേക്ക് ക്ഷണം നല്കുകയാണ്. വ്യവസ്ഥ ഒന്നു മാത്രം, മറ്റുള്ളവരുടെ തെറ്റുകൾ ക്ഷമിക്കണം.

പരി. ത്രിത്വത്തിന്റെ തിരുനാൾ ആഘോഷിക്കുന്ന ഇന്ന് നമുക്കും മറ്റുള്ളവരോട് ക്ഷമിച്ചു കൊണ്ട് ത്രിയേക ദൈവത്തിന്റെ സ്നേഹകൂട്ടായ്മയിൽ പങ്കാളികളാകാം. ക്ഷമിക്കുവാൻ സാധിക്കുന്നത് സ്നേഹം ഉള്ളപ്പോഴാ. നമ്മുടെ കുടുംബത്തിലെ പ്രിയപ്പെട്ടവരുടെ തെറ്റും – അപരിചിതന്റെ തെറ്റും ഒരേ പോലെയാണെങ്കിലും നമ്മുടെ പ്രിയപ്പെട്ടവരുടെ തെറ്റ് ചിലപ്പോൾ നമ്മൾ ഗൗനിക്കാറില്ല. സ്നേഹമുള്ളതുകൊണ്ട്. എന്നാൽ അപരിചിതനോട് പകരം വീട്ടിയെന്നുമിരിക്കും. കാരണം സ്നേഹമില്ലാത്തതുകൊണ്ട് . അപ്പോൾ ക്ഷമിക്കാൻ ശക്തി ലഭിക്കുന്നത് സ്നേഹത്തിന്റെ ആഴത്തിൽ നിന്നാണെന്നും എല്ലാവരെയും സ്നേഹിക്കാൻ പഠിപ്പിക്കുന്ന ത്രിയേക ദൈവം ക്ഷമയിലൂടെ അത് വെളിപ്പെടുത്തിയതുപോലെ നമുക്കും പരസ്പരം ക്ഷമിച്ച്, ദൈവീക ജീവൻ പങ്കുവയ്ക്കുന്ന ത്രിയേക ദൈവത്തിന്റെ മക്കളായിത്തീരാം.

**ഫാ. ജോസഫ് കൊല്ലകൊമ്പിൽ**